ഭരണഭാഷ - മാതൃഭാഷ

സ്പോർട്സ് 1/17349/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 11.01.2023
ഫോൺ:0471-2580534; supdts.dge@kerala.gov.in

പ്രേഷിതൻ
പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ

വിഷയം : പൊതുവിദ്യാഭ്യാസം - സ്പോർട്സ് - ഗ്രൂപ്പ് IX - സംസ്ഥാനതല സ്കൂൾ ബോക്സിംഗ് മത്സരം കണ്ണൂർ, മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തുന്നത് - സംബന്ധിച്ച്

സൂചന :
1. ഈ ഓഫീസിലെ 22.12.2022 തീയതിയിലെ സ്പോർട്സ്2/13134/2022/ഡി.ജി.ഇ, നമ്പർ കത്ത്
2. ഈ ഓഫീസിലെ 04.01.2023 തീയതിയിലെ ഇതേ നമ്പർ കത്ത്

****************************

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനതല സ്കൂൾ ബോക്സിംഗ് അണ്ടർ 17, 19 ആൺ/പെൺ ചാമ്പ്യൻഷിപ്പ് 2023 ജനുവരി 15, 16 തീയതികളിൽ കണ്ണൂർ, മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് നടത്തുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിരിക്കുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ബോക്സിംഗ് അണ്ടർ 17, 19 ആൺ/പെൺ മത്സരങ്ങളുടെ സ്ഥലവും തീയതിയും പുന:ക്രമീകരിക്കുന്നു. പുതുക്കിയ സ്ഥലവും തീയതിയും മറ്റു നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

**ഗ്രൂപ്പ് - IX**

| നം | ഗെയിംസ് | മത്സര തീയതി | സ്ഥലം |
|---|---|---|---|
| I | ബോക്സിംഗ് അണ്ടർ 17, 19 ആൺ | 15.01.2023 മുതൽ 17.01.2023 വരെ | കണ്ണൂർ ജൂബിലി ഹാൾ (ജി.വി.എച്ച്.എസ്.എസ് (സ്പോർട്സ്) സ്കൂളിന്റെ സമീപം) |
| | ബോക്സിംഗ് അണ്ടർ 17, 19 പെൺ | 18.01.2023 മുതൽ 19.01.2023 വരെ | |

രജിസ്ട്രേഷൻ സ്ഥലവും തീയതിയും, സമയവും, നിർദ്ദേശങ്ങളും ഇതോടൊപ്പം ചുവടെ ചേർക്കുന്നു.

**രജിസ്ട്രേഷൻ സ്ഥലം, തീയതി & സമയം**

| നം | ഗെയിംസ് | രജിസ്ട്രേഷൻ സ്ഥലം | തീയതി & സമയം |
|---|---|---|---|
| I | ബോക്സിംഗ് അണ്ടർ 17, 19 ആൺ | ഗവ. ടൗൺ എച്ച്.എസ്.എസ്. കണ്ണൂർ | 14.01.2023 വൈകിട്ട് 5 മണി |
| | ബോക്സിംഗ് അണ്ടർ 17, 19 പെൺ | | 17.01.2023 വൈകിട്ട് 5 മണി |

**ബന്ധപ്പെടേണ്ട ഫോൺ നമ്പർ :**

ശ്രീ. മുഹമ്മദ് അലി പി.പി. ജില്ലാ സ്പോർട്സ് കോ - ഓർഡിനേറ്റർ - 9447641066

ശ്രീ. ജോൺസൺ കെ.ജെ. ആർ.ഡി.എസ്.ജി.എ സെക്രട്ടറി - 9447470382

**താമസ സൗകര്യത്തിനായി ബന്ധപ്പെടേണ്ട ഫോൺ നം:**

ശ്രീ. കെ.സി. സുധീർ - 9446958884

ശ്രീ. മനാൽ എം. - 9895641808

**നിർദ്ദേശങ്ങൾ**

1. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ സ്കൂൾ സ്പോർട്സിന്റെ ഓൺലൈൻ വെബ്സൈറ്റിൽ നിന്ന് പ്രിന്റ് എടുത്ത എലിജിബിലിറ്റി സർട്ടിഫിക്കറ്റ് പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തി രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.
2. സ്കൂൾ ടീമുകളോടൊപ്പം നിർബന്ധമായും കോച്ചും, മാനേജരും ഉണ്ടാവേണ്ടതാണ്. പെൺകുട്ടികളുടെ ടീമിനൊപ്പം നിർബന്ധമായും വനിത മാനേജർ ഉണ്ടായിരിക്കണം.
3. ബോക്സിങ്ങിൽ പങ്കെടുക്കുന്ന അണ്ടർ 17 & 19 ആൺകുട്ടികൾ 14-ാം തീയതിയും പെൺകുട്ടികൾ 17-ാം തീയതിയും Weighing എടുക്കുന്നതിന് വൈകുന്നേരം 5 മണി മുതൽ 8 മണി വരെ ഗവ. ടൗൺ എച്ച്.എസ്.എസ്. കണ്ണൂരിൽ എലിജിബിലിറ്റി സർട്ടിഫിക്കറ്റുമായി എത്തിച്ചേരേണ്ടതാണ്.
4. ബോക്സിങ്ങിൽ പങ്കെടുക്കുന്ന കുട്ടികൾ ആവശ്യമായ Protective equipments സ്വന്തമായി കൊണ്ടുവരേണ്ടതാണ്.
5. മത്സരാർത്ഥികൾ, മാനേജർമാർ എന്നിവർക്ക് താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്.
6. അക്കോമഡേഷന്റെ ഭാഗമായി ടീം ഒന്നിന് 2,000/- രൂപ ക്രമത്തിൽ കരുതൽ ഡിപ്പോസിറ്റ് രജിസ്ട്രേഷൻ സമയത്ത് അടയ്ക്കേണ്ടതാണ്.
7. കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ആവശ്യമായ മാസ്ക്, സാനിട്ടൈസർ എന്നിവ കരുതിയിരിക്കണം.

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

HAREESH SANKAR L
Sports Organizer
Directorate of General Education
Thiruvananthapuram-14

DIRECTORATE OF GENERAL EDUCATION

പകർപ്പ് :

1. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
3. ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
4. ആർ.ഡി.എസ്.ജി.എ സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)